**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 823** **12-06-2024 - ൽ മറുപടിയ്ക്ക്**

**കോന്നി മണ്ഡലത്തിലെ വിവിധ കോളനികളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ യു ജനീഷ് കുമാർ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി കോർപ്പസ് ഫണ്ടിൽ നിന്നും തുക അനുവദിച്ച് പ്രവൃത്തി ആരംഭിച്ച കോന്നി മണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിലെ പാടം-ഇരുട്ടുതറ ലക്ഷംവീട് കോളനി, പ്രമാടം പഞ്ചായത്തിലെ കൈതക്കര പട്ടികവർഗ്ഗ കോളനി, അരുവാപ്പുലം പഞ്ചായത്തിലെ കാട്ടാത്തി കോട്ടാംപാറ പട്ടിക വർഗ്ഗ കോളനി എന്നിവയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | കലഞ്ഞൂർ പഞ്ചായത്തിലെ പാടം - ഇരുട്ടുതറ ലക്ഷംവീട് കോളനിയെ പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമ വികസന പദ്ധതിയിലുൾപ്പെടുത്തിയാണ് നവീകരിക്കുന്നത്. ടി കോളനിയിലെ ഭവന പുനരുദ്ധാരണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്. സംരക്ഷണ ഭിത്തി നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൈതക്കര പട്ടികവർഗ്ഗ കോളനിയെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിലുൾപ്പെടുത്തിയാണ് നവീകരിക്കുന്നത്. അവസാന ഘട്ട പ്രവർത്തികൾ നടന്നുവരുന്നു. കാട്ടാത്തി കോട്ടാംപാറ പട്ടികവർഗ്ഗ കോളനിയെ (2020-21) പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് നിർവ്വഹണ ഏജൻസിയുമായി MoU ഒപ്പു വച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ